(15) ഭാരതപ്പുഴയിൽ തടയണകൾ നിർമ്മിച്ച് ചേലക്കരയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്ന ആവശ്യം

ശ്രീ. കെ. രാധാകൃഷ്ണൻ: ഞാൻ ഇവിടെ പറയാൻ ഉദ്ദേശിച്ച കാര്യം ഇന്ന് ഇവിടെ കാളിംഗ് അറ്റൻഷനിലൂടെ ശ്രീ. വി. കെ. ചന്ദ്രൻ ഉന്നയിച്ച കാര്യം തന്നെയാണ്. ഭാരതപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യമാണ്. ഭാരതപ്പുഴയെ സംരക്ഷിച്ചില്ലായെങ്കിൽ പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകൾ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിട്ട് വലിയ ദുരന്തത്തിലേക്ക് പോകും. ഇക്കാര്യങ്ങളെല്ലാം നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. അതുകൊണ്ട് കൂടുതൽ വിശദീകരിക്കുന്നില്ല. തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളുടെ പ്രധാന ജലസ്രോതസ് എന്നുപറയുന്നത് ഭാരതപ്പുഴയാണ്. അവിടെ കുടിവെള്ളത്തിനും ജലസേചനത്തിനും ഭാരതപ്പുഴയിലെ വെള്ളമാണ് ഉപയോഗിക്കുന്നത്. വേനൽക്കാലം ആയാൽ ഒരു തുള്ളിവെള്ളം പോലും ഭാരതപ്പുഴയിൽ ഇല്ലാത്ത സ്ഥിതിയാണുള്ളത്. ഇതെല്ലാം കാലാകാലങ്ങളായി പറഞ്ഞു കൊണ്ടിരിക്കുന്നതാണ്. അടിയണയോ തടയണയോ തീർത്തുകൊണ്ട് ആ പുഴയിലെ വെള്ളം സംരക്ഷിച്ചുനിർത്താനുള്ള നടപടി സ്വീകരിക്കണം. ഇന്ന് രാവിലെ ഈ വിഷയം സഭയിൽ വന്നപ്പോൾ ഭാരതപ്പുഴയിലെ മണൽവാരുന്നതിലൂടെ കോടിക്കണക്കിന് രൂപയാണ് റിവർ മാനേജുമെന്റിന് ഫണ്ടായി ലഭിച്ചിരിക്കുന്നത് എന്ന വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ആ ഫണ്ടിന്റെ ഒരു ചെറിയ ഭാഗമെങ്കിലും ഉപയോഗിച്ച് തടയണ നിർമ്മിക്കുകയാണെങ്കിൽ ഞാൻ നേരത്തെ പറഞ്ഞ മൂന്ന് ജില്ലകളിൽ കുടിവെള്ളമെത്തിക്കാൻ കഴിയും. എന്റെ മണ്ഡലത്തിലാണ് തൃശ്ശൂർ, പാലക്കാട് ജില്ലകളിലേക്ക് വെള്ളം പമ്പ് ചെയ്യുന്ന ജല സ്രോതസ്സുകളുള്ളത്. അതെല്ലാം വറ്റിവരണ്ടിരിക്കുകയാണ്. അതുകൊണ്ട് വെള്ളം അടിക്കാൻ ഇപ്പോൾത്തന്നെ കഴിയുന്നില്ല. വാട്ടർ അതോറിറ്റിയും അതുപോലെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും തയ്യാറാക്കിയ പ്രൊപ്പോസൽസ് ഇപ്പോൾ നിലവിലുണ്ട്. തടയണ പണിയുന്നതിനു വേണ്ടി ആ പ്രൊപ്പോസൽസ് അംഗീകരിച്ചുകൊണ്ട് ഈ വർഷം തടയണ പണിയാനും അതുപോലെ കുടിവെള്ളം എത്തിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോടും മന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ബഹുമാനപ്പെട്ട ശ്രീ. രാധാകൃഷ്ണൻ സൂചിപ്പിച്ച അതേ വിഷയം ഇവിടെ ഇന്ന് രാവിലെ കാളിംഗ് അറ്റൻഷനിലൂടെ ഉന്നയിച്ചപ്പോൾ ഞാൻ അതിനെപ്പറ്റി വിശദമായി മറുപടി പറഞ്ഞതാണ്. അതിന്റെ ഒരു രണ്ടാം ആവർത്തി വീണ്ടും പറയാൻ ആഗ്രഹിക്കുന്നില്ല. റിവർ മാനേജുമെന്റ് ഫണ്ടിന്റെ തുക ഉപയോഗിച്ച് ഇത് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. പക്ഷെ ഇപ്പോൾ നിലവിലുള്ള നിയമവും അതിന്റെ റൂൾസും അനുസരിച്ച് റിവർ മാനേജുമെന്റ് ഫണ്ട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് വിനിയോഗിക്കാൻ കഴിയുകയില്ല എന്നുള്ളത് അങ്ങേയ്ക്ക് തന്നെ അറിയാവുന്നതാണ്. ഭാരതപ്പുഴ മാത്രമല്ല കേരളത്തിലെ 41 നദികളും കോഴിക്കോട് ഒഴുകുന്ന മൂന്ന് നദികളടക്കം 44 നദികളും നന്നാക്കുന്നതിനുവേണ്ടി ഒരു പുതിയ സംവിധാനം വേണമെന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്റെ അഭിപ്രായം. 44 നദികൾക്കകത്ത് പല നദികളും നശിക്കുന്നു ; മരിക്കുന്നു. ഇതാണ് സത്യം പറഞ്ഞാൽ കേരളം ഇന്ന് കേട്ടുകൊണ്ടിരിക്കുന്നത്. അത് മാറ്റുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കണം. അതിന് ലളിതമായ തുടക്കങ്ങൾ ഞങ്ങൾ കുറിച്ചിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞു. നദികളുടെ രൂപരേഖ മാത്രമാണ് നമ്മൾ വേനൽക്കാലത്ത് കാണുന്നത്. നദികളെ കാണാൻ നമുക്ക് കഴിയുകയില്ല. നദികളുടെ സ്കെച്ചാണ് കാണുന്നത്. ചില സ്ഥലങ്ങളിൽ വലിയ കുന്നാണ് കാണുന്നത്. ചില സ്ഥലങ്ങളിൽ മരങ്ങൾ വനംപോലെ നിൽക്കുകയാണ്. മരമുള്ളിടം വനമാകുമെന്ന് പറയുന്ന പുതിയ ഈ നിയമത്തിന്റെ മാറ്റം വന്നാൽ ചില നദികൾ തന്നെ വനമായി പോകുന്ന സ്ഥിതിയിലാണ് നിൽക്കുന്നത്. അതുകൊണ്ട് കേരളസമൂഹം ഏറ്റവും കൂടുതൽ മനഃസാക്ഷി അർപ്പിച്ച് പ്രവർത്തിക്കേണ്ട ഏറ്റവും തീവ്രമായ രംഗമാണിത് എന്നുള്ളതാണ് എന്റെ വിശ്വാസം. പക്ഷെ നമുക്ക് സാമ്പത്തിക പരിമിതിയുണ്ട്. ഇത് വളരെ സീരിയസ്സാണ്: ഈ സാമ്പത്തിക പരിമിതിക്കകത്ത് നിന്ന് നമുക്ക് മുന്നോട്ടു പോകുന്നതോടൊപ്പം കേരള ജനതയ്ക്ക് സമൂഹത്തിനുള്ളിൽ ഒരു കോൺസെൻസസ് ഉണ്ടാക്കിയെടുക്കാൻ കഴിയണം. നമ്മൾ ആരംഭിച്ച പ്രവർത്തനങ്ങൾ തുടർന്നുപോകണം. കേരളത്തിൽ തുടർ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നുള്ളതാണ് ഇന്നത്തെ പ്രശ്നം. അതുകൊണ്ട് ഇത് കണ്ടശ്ശിയായി പോകാതെ തുടർ പ്രവർത്തനത്തോടുകൂടി കേരളത്തിലെ നദികളെ സംരക്ഷിക്കുന്നതിനു വേണ്ടി കേരള സമൂഹത്തിന്റെ മനഃസാക്ഷി ഉണർത്തുന്നതിനുവേണ്ടി നമുക്കൊരുമിച്ച് യത്നിക്കാം. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ 9 തടയണകൾ നിർമ്മിക്കുന്നതിനു വേണ്ടി screening committee-ക്ക് കൊടുത്തിട്ടുണ്ട്. അത് കൂടാതെത്തന്നെ ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും ഇവിടെ ഗവൺമെന്റിന് സാമ്പത്തിക പരിമിതികൾ ധാരാളമുണ്ട്. നമുക്കൊരു അവെയർനസ്സും ഇംപ്ലിമെന്റേഷനും ഇതുരണ്ടുംകൂടി ഒരുമിച്ച് ചെയ്യുന്നതിനുവേണ്ടി പരിശ്രമം നടത്താം.

(16) ന്യൂമാഹി ഗ്രാമത്തിലെ വാണ്കണ്ടം-കോവിലകം റോഡും ചൊക്ലി ഗ്രാമപഞ്ചായത്തിലെ നാരായണൻ പറമ്പ്-മോന്താൽക്കടവ് റോഡും നിർമ്മിക്കണമെന്ന ആവശ്യം

ശ്രീ. കെ. പി. മോഹനൻ : സർ, അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറഞ്ഞ പ്രദേശങ്ങളാണ് കണ്ണൂർ ജില്ലയിലെ കായൽ പ്രദേശങ്ങൾ. മത്സ്യബന്ധനവും അനുബന്ധ തൊഴിലുകളും ചെയ്ത് ജീവിക്കുന്ന ഈ പ്രദേശങ്ങളിലുള്ള ജന വിഭാഗത്തിന്റെ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യമായ ഗതാഗതത്തിന് ആവശ്യമായ റോഡുകൾ ഇല്ല. ഫിഷറീസ് വകുപ്പ് ഈ മേഖലയ്ക്ക് റോഡുകൾ അനുവദിക്കുമെന്ന് മനസ്സിലാക്കി ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പു മന്ത്രിക്ക് 4 വർഷം മുമ്പ് നിവേദനം നൽകിയപ്പോൾ ഇതിനായി ഉടൻ ഫണ്ട് അനുവദിക്കുമെന്ന് പറഞ്ഞുവെങ്കിലും ഇതുവരെ ഫണ്ട് അനുവദിച്ചിട്ടില്ല. എന്റെ നിയോജക മണ്ഡലത്തിലെ കായൽ പ്രദേശമായ ചൊക്ലി പഞ്ചായത്തിലെ നാരായണൻപറമ്പ്-മോന്താൽക്കടവ് റോഡും മാഹികായലിന്റെ വാണ്കണ്ടം-കോവിലകം റോഡും ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെ നിർമ്മിക്കാൻ വേണ്ട ഫണ്ട് അനുവദിക്കണമെന്നാണ് എന്റെ സബ്മിഷൻ.